**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ രാമൻകുട്ടി s/o ചെടയാണ്ടി, അണ്ണാംതോട്, നല്ലേപ്പിള്ളി, എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 06.03.2024</u>**

മേൽ സൂചന പ്രകാരം ശ്രീ രാമൻകുട്ടി s/o ചെടയാണ്ടി, അണ്ണാംതോട്, നല്ലേപ്പിള്ളി, എന്നയാൾ നവകേരളസദസ്സ് മുഖേന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും ശരിയായ കെട്ടിടനമ്പർ ലഭിച്ചില്ലെന്ന പരാതി പരിഗണിച്ചു. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ റിപ്പോർട്ട് പ്രകാരം 42 ച.മീ താമസ കെട്ടിടം KPBR 2019 ചട്ടം 49(1)(3)(2)(i) പാലിക്കാത്തതിനാലാണ് അനധികൃത നമ്പർ 7/1-UA അനുവദിച്ച് നികുതി ചുമത്തി നൽകിയിട്ടുള്ളത് എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനെ നേരിൽ കേട്ടു. റോഡ് വികസനം വരുന്നതിനായി കുറച്ച് സ്ഥലം വിട്ടുകൊടുത്തതായി അപേക്ഷകൻ പറയുന്നു. ആയതിനാൽ സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി അപേക്ഷകന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനു, നവകേരള സദസ് മുമ്പാകെ വന്ന അപേക്ഷയാണെന്ന് അറിയിച്ചുകൊണ്ട്, അപേക്ഷകൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുന്നതിനും, അതിനു ശേഷം കെട്ടിട നമ്പർ നിയമാനുസൃതമായി നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും, അല്ലാത്ത പക്ഷം അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പുറപ്പെടുവിച്ച പ്രത്യേക ചട്ടം പ്രകാരം കെട്ടിടം റെഗുലറൈസ് ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതും, കഴിയുമെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ രാമൻകുട്ടി s/o ചെടയാണ്ടി, അണ്ണാംതോട്, നല്ലേപ്പിള്ളി